**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5014** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | രാജമാണിക്യം കമ്മറ്റി റിപ്പോർട്ട് പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി എത്രയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുൻപ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന ഭൂമി നിലവിലെ കൈവശക്കാർക്ക് സ്വാതന്ത്ര്യാനന്തരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നിയമ പ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് 1957ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ശ്രീ. എം. ജി.രാജമാണിക്യം IAS നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് 25.4.2013 ലെ ജി.ഒ (എം.എസ്സ്) 161/2013/ആർ.ഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിൽ സ്വാതന്ത്ര്യത്തിന് മുൻപ് സംസ്ഥാനത്ത് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന ഭൂമിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിരുന്നില്ല. കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള സീലിംഗ് കേസുമായി ബന്ധപ്പെട്ട് വൈത്തിരി താലൂക്ക് ലാൻഡ് ബോർഡിൽ സമർപ്പിച്ച രേഖകൾ പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ളത് 59,623 ഏക്കർ ഭൂമി ആകുന്നു. എന്നാൽ ടി കമ്പനി സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള ആധാരങ്ങളിലും കരാർ ഉടമ്പടികളിലും 74,500.31 ഏക്കർ ഭൂമി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. |
| (ബി) | ഇതുവരെ എച്ച്.എം.എൽ. ൽ നിന്നും ഒഴിപ്പിച്ച ഭൂമിയുടെ അളവ് എത്രയെന്ന് വിശദമാക്കുമോ? | (ബി) | ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമിനേടിയ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് 1957 ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)33122/2014 & Ors കേസുകളിൽ 11.04.2018 ൽ, ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിച്ച് ഏറ്റെടുക്കുന്നതിന് 'ജൂറിസ്ഡിക്ഷൻ ' ഇല്ല എന്ന്നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. തർക്ക ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് സർക്കാരിനു സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും 17.09.2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുവാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനു ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06.06.2019 ൽ സ.ഉ (കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നു ഭൂമിനേടിയവരും സമാനമായ മറ്റുകമ്പനികളും കൈവശം വച്ചിരിക്കുന്ന 31,334.72 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ 8 ടൈറ്റിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. മറ്റുജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**Details of Civil Case filed by the State against HML and others for establishing title as per G.O (Ms) 172/2019/RD Dated 06.06.2019 ( As on 17.07.2022)**

| Sl No | Title case No and date | Defendants | Area of Estate in Acres | District/ Taluk | Court Name/ Status |
|---|---|---|---|---|---|
| 1 | Os 72 /2019- Dec 19 & IA 07/2020 - 19 jun 20 | Ayana Charitable Trust (Former Gospel for Asia) known as Cheruvally Estate, & HML (as 2nd defendant ) | 2263.80 | Kottayam/ Kanjirapally Taluk- Erumely South & Manimala Villages | SubCourt Palai/ Pending |
| 2 | OS 10 /2020 Jun 2020 | Riya Resorts & Properties Pvt Ltd & HML (as 2nd defendant ) | 206.51 | Kollam / Punaloor | SubCourt Punaloor /Pending |
| 3 | OS 47/2020 Jul 2020 | M/s Harrisons Malayalam Ltd & 6 others | 9293.74 | Pathanamthita /Konni & Ranni | SubCourt PTA / Pending |
| 4 | OS56/2020 04.12-2020 | Travancore Rubber & Tea Co Ltd | 7373.67 | Idukki and Kottayam District– Peermade & Kanjirapally | SubCourt Kattappana / Pending |
| 5 | OS02/2021 06.01.2021 | Travancore Rubber & Tea Co Ltd | 2699.39 | Kollam District Punalur taluk- Ariiencavu & Edamon Villages | SubCourt Punaloor /Pending |
| 6 | OS12/2021 27.02.2021 | M/s Harrisons Malayalam Limited | 7588.83 | Kollam District Punalur | SubCourt Punaloor /Pending |

| | | | | | |
|---|---|---|---|---|---|
| | | | | taluk- Ariiencavu & Thenmala Villages | |
| 7 | OS43/2021 20.12.2021 | M/s Priya Plantations | 492.15 | Kollam District Punalur taluk- Ariiencavu & Thenmala Villages | SubCourt Punaloor /Pending |
| 8. | OS15/2022 22.02.2022 | M/s Harrisons Malayalam Ltd | 1416.63 | Kottayam Dist, Kanjirapally taluk, Erumely North,Erumely South and , Edakkunnam Villages | SubCourt Palai/ Pending |

**Total Area : 31,334.72 Acres**